# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3894** **11/11/2019- ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ലാ ആശുപത്രിയിലെ പേവാർഡിന്റെ ശോചനീയാവസ്ഥ**

**ചോദ്യം**
**ശ്രീ. പി.വി.അൻവർ**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന് കീഴിൽ പ്രവർത്തിക്കുന്ന പേവാർഡ് നിർമ്മിച്ചത് എന്നാണ്; എത്ര റൂമുകളാണ് പ്രസ്തുത പേവാർഡിൽ നിർമ്മിച്ചിരുന്നത്; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കെ.എച്ച്.ആർഡബ്ല്യൂ.എസ്-ന് കീഴിൽ പ്രവർത്തിക്കുന്ന പഴയ പേവാർഡ് 1976-ലും ജനതാ പേവാർഡ് 1982-ലുമാണ് നിർമ്മിച്ചിട്ടുള്ളത്. 20 മുറികളാണ് പ്രസ്തുത പേവാർഡിൽ ഉള്ളത്. |
| (ബി) | നിലവിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡിൽ എത്ര റൂമുകൾ ഉപയോഗയോഗ്യമായിട്ടുണ്ട്; | (ബി) | കാലപ്പഴക്കം മൂലം അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നതിനാൽ ആകെയുള്ള 20 മുറികളിലും അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ പൂർണ്ണമായും തുറന്നു പ്രവർത്തിക്കാനാവും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ കീഴിൽ പേവാർഡ് നിർമ്മിക്കുന്നതിന് ചെലവഴിച്ച തുക, അറ്റകുറ്റപ്പണികൾക്കായിട്ടുള്ള തുക എന്നിവ എത്രയാണ്; കാലപ്പഴക്കത്താൽ കെട്ടിടത്തിന്റെ ചുമരുകൾ തകർന്നു വീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിർമ്മാണ ചെലവിനെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഫയലുകൾ ലഭ്യമല്ല. എന്നാൽ അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തുക 16,93,566/- രൂപയാണ്. ചുമരുകൾ തകർന്നു വീണതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പേവർഡ് സ്ഥിതി ചെയ്യുന്ന സ്ഥലം ജില്ലാ ആശുപത്രിക്ക് തന്നെ വിട്ടുകിട്ടണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | അറ്റകുറ്റപ്പണികൾ നടത്തി പേവാർഡ് പ്രവർത്തന യോഗ്യമാക്കുന്നതിനാൽ പേവാർഡ് സ്ഥിതിചെയ്യുന്ന സ്ഥലം ജില്ലാ ആശുപത്രിക്ക് വിട്ടുകൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ